## കേരളത്തിലെ ജില്ലാ നിയമ സേവന അതോറിറ്റികളുടെ വിലാസം

**തിരുവനന്തപുരം**
ജില്ലാ നിയമ സഹായ അതോറിറ്റി
എ.ഡി.ആർ.സെന്റർ, ജില്ലാ കോടതി സമുച്ചയം
വഞ്ചിയൂർ, തിരുവനന്തപുരം
ഫോൺ : 0471 - 2467700

**തൃശൂർ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, സിവിൽ ലൈൻ ,
എ.ഡി.ആർ .സെന്റർ, അയ്യന്തോൾ, തൃശൂർ
ഫോൺ : 0487 - 2363770

**കൊല്ലം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, കൊല്ലം
ഫോൺ : 0474 - 2791399

**പാലക്കാട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, പാലക്കാട്,
ഫോൺ : 0491 - 2505665

**പത്തനംതിട്ട**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, പത്തനംതിട്ട
ഫോൺ : 0468 - 2220141

**മലപ്പുറം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, മഞ്ചേരി,
മലപ്പുറം, ഫോൺ : 04832 - 762220

**കോട്ടയം**
ജില്ലാ നിയമ സഹായ അതോറിറ്റി, A.D.R. സെന്റർ
മലങ്കര ക്വാർട്ടേഴ്സിന് സമീപം
മുട്ടമ്പലം പി.ഒ, കോട്ടയം,
ഫോൺ : 0481 - 2572422

**കോഴിക്കോട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, കോഴിക്കോട്,
ഫോൺ : 0495 - 2366044

**ആലപ്പുഴ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, ആലപ്പുഴ
ഫോൺ : 0477 - 2262495

**വയനാട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
കൽപ്പറ്റ, വയനാട്
ഫോൺ : 04936 - 207800

**ഇടുക്കി**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
തൊടുപുഴ ,ഇടുക്കി
ഫോൺ : 04862 - 255383

**കണ്ണൂർ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, തലശ്ശേരി,
കണ്ണൂർ, ഫോൺ : 0490 - 2344666

**എറണാകുളം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി അനക്ഷർ സമുച്ചയം,
എ .ഡി.ആർ .സെന്റർ, കലൂർ, എറണാകുളം,
ഫോൺ : 0484 - 2344223

**കാസർഗോഡ്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
കാസർഗോഡ്
ഫോൺ : 04994 - 256189

**സാകേതം (നിയമ സഹായ കേന്ദ്രം) : 0484 - 2396817**
**സാകേതം ഹെൽപ് ലൈൻ : 1516 (ഓഫീസ് സമയങ്ങളിൽ)**
**കെൽസ ഹെൽപ് ലൈൻ : 9846700100 ( 24 മണിക്കൂർ)**

न्याय सब के लिए
ACCESS TO JUSTICE FOR ALL

# കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി

# സാമൂഹികവും സാമ്പത്തികവുമായ വെല്ലുവിളികൾ നേരിടുന്ന കുറ്റവാളികളുടെ ആശ്രിതർക്കുവേണ്ടിയുള്ള 2017 ലെ നിയമസേവന പദ്ധതി

നിയമ സഹായ ഭവൻ, ഹൈക്കോർട്ട് കോമ്പൗണ്ട്
എറണാകുളം, കൊച്ചി– 682031, ഫോൺ : 0484 – 2396717
Website : www.kelsa.nic.in E-mail : kelsakerala@gmail.com

## സാമൂഹികവും സാമ്പത്തികവുമായ വെല്ലുവിളികൾ നേരിടുന്ന കുറ്റവാളികളുടെ ആശ്രിതർക്കു വേണ്ടിയുള്ള 2017 ലെ നിയമസേവന പദ്ധതി

കുറ്റവാളികളെയും കുറ്റകൃത്യങ്ങളെയും കുറിച്ചുള്ള ശാസ്ത്രീയ പഠനം എപ്പോഴും കുറ്റവാളിയെ ശിക്ഷിക്കുന്നതിനെക്കുറിച്ചും ഇരകളെ സംരക്ഷിക്കുന്നതിനെക്കുറിച്ചും മാത്രം പ്രതിപാദിക്കുന്നു. കുറ്റവാളികളുടെ കുടുംബം അനുഭവിക്കുന്ന കഷ്ടപ്പാട് ക്രിമിനൽ നീതിന്യായ വ്യവസ്ഥയിൽ അദൃശ്യമാണ്. ഒരർത്ഥത്തിൽ അവർ മറന്നുപോയ ഇരകളാണ് ഒരു കുറ്റവാളി ജയിലിലടയ്ക്കപ്പെടുമ്പോൾ അവരെ ആശ്രയിച്ചു ജീവിക്കുന്നവർ സാമ്പത്തിക കഷ്ടപ്പാടുകൾ, സമൂഹത്തിൽ നിന്നുള്ള തിരസ്ക്കാരം തുടങ്ങിയ പലതരത്തിലുള്ള വെല്ലുവിളികളിലൂടെ കടന്നു പോകേണ്ടിവരുന്നു. അത്തരം അവസ്ഥകൾ ആശ്വസിപ്പിക്കാനാവാത്ത മാനസീക വിഷമങ്ങളിലേക്കും കഷ്ടപ്പാടുകളിലേക്കും കൊണ്ടെത്തിക്കുന്നു.

### ഉദ്ദേശലക്ഷ്യങ്ങൾ

- കുറ്റവാളികളുടെ കുടുംബത്തിന് സാമ്പത്തീക ഉപജീവനം, വിദ്യാഭ്യാസം, മറ്റു ക്ഷേമപദ്ധതികൾ ഉപയോഗപ്പെടുത്തുന്നതിനായുള്ള സൗജന്യ നിയമസഹായം
- മറ്റേതൊരു പൗരനെയും പോലെ സാമ്പത്തീകവും, സാമൂഹികവുമായ സംരക്ഷണം ഉറപ്പാക്കുക
- കുടുംബത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം ഉറപ്പാക്കുക
- കുറ്റവാളികളുടെ ആശ്രിതർ മറ്റേതൊരു പൗരനെയും പോലെ വിദ്യാഭ്യാസം, ജോലി, മാന്യമായ കൂലി,മാന്യമായ ജീവിതം എന്നിവക്ക് അർഹരാണ്.

### കർമ്മ പദ്ധതി

- തടവ് ശിക്ഷ അനുഭവിക്കുന്ന കുറ്റവാളികളുടെയും അവരുടെ കുടുംബത്തിന്റെയും വിവരങ്ങൾ ജില്ലാ നിയമ സേവന അതോറിറ്റി ശേഖരിക്കുന്നു.
- പാനൽ അഭിഭാഷകരും പാരാ ലീഗൽ വോളന്റീയർമാരും മുഖേന സാമൂഹ്യ-സാമ്പത്തീക പ്രശ്നങ്ങൾ തിരിച്ചറിയേണ്ടതും അവർക്കുവേണ്ടിയുള്ള വിവിധ ക്ഷേമ പദ്ധതികളുടെയും സാമൂഹ്യ സുരക്ഷാ പദ്ധതികളെയും പറ്റി അവരെ ബോധവൽക്കരിക്കുകയും ചെയ്യുന്നു.
- കുറ്റവാളികളുടെ ആശ്രിതരായിരിക്കുന്ന കുട്ടികൾക് ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന സൗജന്യ വിദ്യാഭ്യാസം ലഭിക്കുന്നുണ്ടോ എന്ന് ജില്ലാ നിയമ സേവന അതോറിറ്റികൾ ഉറപ്പുവരുത്തുന്നു.
- അനുയോജ്യമായ തൊഴിൽ ലഭിക്കാൻ അവര്ക് തൊഴിൽ നൈപുണ്യ പരിശീലനം കൊടുക്കുന്നു.
- സർക്കാർ സംവിധാനത്തിന് കീഴിൽ അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് അവരിൽ വിശ്വാസം ജനിപ്പിക്കുന്നു.
- അവരുടെ സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുവാൻ ലോക് അദാലത് നടത്തുകയും , സാമൂഹികമായി അവരെ ഒറ്റപ്പെടുത്താതെ മറ്റു ഏതൊരു പൗരനെയും പോലെ അവരെയും കണക്കാക്കണമെന്നും ആളുകളെ ബോധവൽക്കരിക്കുകയും ചെയ്യുന്നു.